പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 71 28.09.2016-ൽ മറുപടിക്ക്.

## അസംഘടിത മേഖലയിലെ തൊഴിൽ നിയമലംഘനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ<br>,, സി.കൃഷ്ണൻ<br>,, എം. നൗഷാദ്<br>,, വി. ജോയി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) അസംഘടിത മേഖലയിലെ തൊഴിൽ നിയമലംഘനം തടയാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക്, വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രഷ്, ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961- ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ |

തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജ്യൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 2014 മുതൽ നാളിതുവരെ 14 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 5 പുതിയ തൊഴിൽമേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപനപരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. ടെക്സ്റ്റൈയിൽ മേഖലയിൽ 18/06/2016ന് നടത്തിയ സ്പെഷ്യൽ പരിശോധനയിൽ സംസ്ഥാനമൊട്ടാകെയുള്ള 42 സ്ഥാപനങ്ങളിൽ വിവിധ തൊഴിൽനിയമപ്രകാരം കണ്ടെത്തിയ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ 29383 സ്ഥാപനപരിശോധനകൾ നടത്തുകയും 10409 കാരണം കാണിക്കൽ നോട്ടീസ്, 4157 പ്രോസിക്യൂഷൻ, 584 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) വിശ്രമവേളകൾ അനുവദിക്കാതിരിക്കുന്നതും അധിക വേതനം നൽകാതെ അധിക സമയം ജോലി ചെയ്യിക്കുന്നതും തടയാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകുമോ; | (ബി) വിശ്രമ വേളകൾ അനുവദിക്കാതിരിക്കുന്നതും അധികജോലിക്ക് അധിക വേതനം നൽകാതിരിക്കുന്നതും സംബന്ധിച്ചുള്ള തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകുകയും ആയത് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (സി) മിനിമം വേതനം നിശ്ചിത കാലയളവിൽ പുതുക്കാനും നിശ്ചയിച്ച വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാനും ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ? | (സി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളിൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ആയത് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ 30.06.2016-ന് 3 വർഷം പൂർത്തിയായ എല്ലാ മിനിമം വേതന വിജ്ഞാപനങ്ങളും പുതുക്കി നിശ്ചയിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>2014 മുതൽ നാളിതുവരെ 14 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ബാക്കി മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മിനിമം വേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് തൊഴിലുടമയ്ക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കാത്ത തൊഴിലുടമയ്ക്ക് എതിരെ മിനിമം വേതന നിയമപ്രകാരം ക്ലെയിം നോട്ടീസും നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ